**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **18-09-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നൽകിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്(ഡി. പി. ആർ ) എസ്റ്റിമേറ്റ് പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ടി പദ്ധതിയുടെ നിലവിലെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു<br><br>**ഇടമുളയ്ക്കൽ പഞ്ചായത്ത്**<br><br>പഞ്ചായത്തിൽ ഡി.പി.ആർ. പ്രകാരമുള്ള 53 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും, ഇതുകൂടാതെ അധിക പ്രവൃത്തിയായി 50 കി.മീ. പൈപ്പ് ലൈൻ വിവിധ വാർഡുകളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പഞ്ചായത്തിലെ ആകെ പ്രവൃത്തികളിൽ ഏകദേശം 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>**കരവാളൂർ പഞ്ചായത്ത്**<br><br>ഡി.പി.ആർ. പ്രകാരമുള്ള 75 കി.മീ. പൈപ്പ് ലൈനും അധികമായി 35 കിമി പൈപ്പ്ലൈനും ഉൾപ്പെടെ 110 കി.മീ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ പ്രവൃത്തികളിൽ ഏകദേശം 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>**തെന്മല പഞ്ചായത്ത്**<br><br>ഡി.പി.ആർ. പ്രകാരമുള്ള 136 കി.മീ. പൈപ്പ് ലൈനിൽ, 18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയ സ്രോതസ്സുകളായി 6 കുഴൽക്കിണറുകളും, 4 കിണറുകളും നിർമ്മിച്ചിട്ടുണ്ട്. ടി സ്രോതസ്സുകളുടെ അനുബന്ധ പ്രവൃത്തികൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജല സംഭരണികൾ സ്ഥാപിക്കൽ, ടാൻസ്മിഷൻ - വിതരണ ശൃംഘല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചു വരുന്നു.<br><br>**<u>ആര്യങ്കാവ് പഞ്ചായത്ത്</u>**<br><br>ഡി.പി.ആർ. പ്രകാരമുള്ള 83 കി.മീ. പൈപ്പ് ലൈനിൽ, 2 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയ സ്രോതസ്സുകളായി 2കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. പുതിയ സ്രോതസ്സുകളുടെ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജല സംഭരണികൾ സ്ഥാപിക്കൽ, ട്രാൻസ്മിഷൻ - വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ കരവാളൂർ, ഇടമുളക്കൽ, തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കരവാളൂർ, ഇടമുളയ്ക്കൽ പഞ്ചായത്തിലെ 80% വീടുകളിലും ജൽ ജീവൻ മിഷൻ മുഖേന കുടിവെള്ള കണക്ഷൻ നൽകി കഴിഞ്ഞു. ശേഷിക്കുന്ന വീടുകളിൽ കണക്ഷൻ നൽകുവാനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. JICA കുടിവെള്ള പദ്ധതിയിൽ നിന്നും എല്ലാ മേഖലകളിലേക്കും വെള്ളം എത്തിക്കുന്നതിന്, വാൽവുകൾ ക്രമീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെന്മല ആര്യങ്കാവ് പഞ്ചായത്തുകളിൽ നിലവിലെ കുടിവെള്ള പദ്ധതികളിൽ നിന്നും ജല വിതരണം നടത്തി വരുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പഞ്ചായത്ത് നിലവിലെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിൽ നിന്നും ആവശ്യമായ സന്ദർഭങ്ങളിൽ ടാങ്കർ ലോറിയിൽ ജല വിതരണം നടത്തുന്നുണ്ട്. |
| (സി) | തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ടി പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | തെന്മല പഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 3 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.<br><br>1. WSS to Thenmala – open well scheme with 1 LL OHSR and distribution network – 845 connections<br>2. WSS to Urukunnu - open well scheme with 1 LL OHSR and distribution network – 144 connections<br>3. WSS to Edamon - open well scheme with 0.4 LL OHSR and distribution network– 230 connections<br><br>ആര്യങ്കാവ് പഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 1. RWSS to Aryankavu – borewell near Aryankavu LPS – 0.4 LL OHSR and distribution network **-** 122 connections<br>2. RWSS to Achenkovil – open well scheme with 0.6 LL GLSR and distribution network-274 connections<br><br>ഇവകൂടാതെ പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന ചെറുകിട കുടിവെള്ള പദ്ധതികളും നിലവിലുണ്ട്. തെന്മല പഞ്ചായത്തിൽ നാഗമല, കുറവൻതാവളം, 40–ാം മൈൽ, ഒറ്റക്കൽ റയിൽവേ സ്റ്റേഷൻ ഭാഗം, നേതാജി നഗർ, എടമൺ സത്രം എന്നീ പ്രദേശങ്ങളിലും, ആര്യങ്കാവ് പഞ്ചായത്തിൽ അമ്പനാട്, മേലേ ആനച്ചാടി, വെൻച്ചൂർ വാർഡ്, കഴുതുരുട്ടി റയിൽവേ സ്റ്റേഷൻ ഭാഗം, ഫ്ലോറെൻസ്, ഇടപ്പാളയം, ആര്യകാവ് ക്ഷേത്രം ഭാഗം എന്നീ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ടി പ്രദേശങ്ങൾ നിലവിൽ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| അഞ്ചൽ | 10168 | 565 | 9530 | 2372.33 | 8052 | 8617 | 1551 |
| ആര്യങ്കാവ് | 3522 | 128 | 3328 | 3261.00 | 195 | 323 | 3199 |
| ഇടമുളയ്ക്കൽ | 11364 | 2187 | 8895 | 3841.17 | 5195 | 7382 | 3982 |
| ഏരൂർ | 8898 | 721 | 8086 | 7420.00 | 4812 | 5533 | 3365 |
| കരവാളൂർ | 7118 | 543 | 6590 | 3953.31 | 4362 | 4905 | 2213 |
| കുളത്തൂപ്പുഴ | 9707 | 1353 | 8336 | 3846.40 | 5524 | 6877 | 2830 |
| തെന്മല | 7200 | 507 | 6644 | 4554.00 | 678 | 1185 | 6015 |
| ആകെ | 57977 | 6004 | 51409 | 29248.21 | 28818 | 34822 | 23155 |